**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ ഉൽപ്പാദന ബോണസ് പുതുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയ്ക്ക് നൽകിവരുന്ന ഉൽപ്പാദന ബോണസ് കുറവായതിനാൽ പാലിന് ഉണ്ടാകുന്ന വില വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കനുസരിച്ച് ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1/- രൂപ വകുപ്പിൽ നിന്നും 3/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഇൻസെന്റീവ് നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ ക്ഷീരസംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിതീറ്റയ്ക്ക് 50 കിലോയുടെ ഒരു ചാക്കിന് 400/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് നൽകിയിട്ടുണ്ട്. മുൻവർഷവും ഇതേ രീതിയിൽ കോവിഡ് പാക്കേജിന്റെ ഭാഗമായി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിരുന്നു. കൂടാതെ ഈ വർഷത്തെ വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുല്ലും, വയ്ക്കോലും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നതിനായി 75 ലക്ഷം രൂപ അധികം reappropriate ചെയ്ത് നടപ്പിലാക്കിവരുന്നു. കർഷകന് ഉല്പാദനോപാധി എന്ന നിലയിലാണ് മിൽമ ഗുണനിലവാരമുള്ള കാലിത്തീറ്റ നൽകി വരുന്നത്. കാലിത്തീറ്റ ഉൽപാദനത്തിനുള്ള അസംസ്കൃത സാധനങ്ങൾ എല്ലാം തന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതിനാൽ കാലിത്തീറ്റയുടെ ഉൽപാദനം നഷ്ടത്തിലാണ്. എന്നിരിക്കിലും നഷ്ടം സഹിച്ചുകൊണ്ടാണ് ഇപ്പോൾ കാലിത്തീറ്റ വിതരണം നടത്തുന്നത്. മേഖലായൂണിയനുകൾ കർഷകർക്ക് അവരുടെ പ്രവർത്തനലാഭത്തിൽ നിന്നുമാണ് ബോണസ് നൽകുന്നത്. ഫെഡറേഷന്റെ സാമ്പത്തിക നില |

| | | | |
|---|---|---|---|
| | | | അനുസരിച്ച് കാലാകാലങ്ങളിൽ ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്. |
| (ബി) | കേരള ഫീഡ്സ്, മിൽമ എന്നിവ നൽകുന്ന പ്രസ്തുത ബോണസ് കാലോചിതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരള ഫീഡ്സ് ലിമിറ്റഡ് നിലവിൽ കാലിത്തീറ്റക്ക് ഉല്പാദന ബോണസ് നൽകുന്നില്ല. മിൽമ ഫെഡറേഷന്റെയും മേഖലായൂണിയനുകളുടേയും ഭരണ സമിതി സമയാസമയങ്ങളിൽ ചർച്ച ചെയ്ത് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ